പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 294 — 03/04/2013-ൽ മറുപടിക്ക്

# കുടുംബശ്രീ നേരിടുന്ന വെല്ലുവിളികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. ബി. സത്യൻ<br>ശ്രീ. സി. കെ. സദാശിവൻ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ഡോ. എം. കെ. മുനീർ<br>ബഹു. പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി |
| (എ) ദാരിദ്ര്യ നിർമ്മാർജ്ജന മേഖലയിൽ കുടുംബശ്രീ സംവിധാനം നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ദാരിദ്ര്യ നിർമ്മാർജ്ജന മേഖലയിൽ കുടുംബശ്രീ സംവിധാനം വെല്ലുവിളികൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പ്രസ്തുത വെല്ലുവിളികളെ അതിജീവിക്കാനും നൂതനമായ പദ്ധതികളുടെ തുടർച്ച ഉറപ്പാക്കാനും സർക്കാരിന്റെ പരിഗണനയിലുള്ള നടപടികൾ വിശദമാക്കുമോ ; | (ബി) ബാധകമല്ല. |
| (സി) നൂതന തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മതിയായ വിദഗ്ധരുടെയും സാങ്കേതിക വിദ്യയുടെയും അഭാവം നിലനില്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കാനായി എന്തെല്ലാം ശ്രമങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (സി) കുടുംബശ്രീയുടെ സംരംഭ മേഖലയിലെ ഇടപെടലുകൾ പ്രാദേശിക സാമ്പത്തിക വികസനം എന്ന ആശയത്തിൽ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. പ്രാദേശിക വിപണിയിൽ ആവശ്യമായിട്ടുള്ള ഉത്പ്പന്നങ്ങളും സേവനങ്ങളും പ്രാദേശിക വിഭവ സമ്പത്ത് പരമാവധി ഉത്പാദിപ്പിച്ച് ഉപയോഗപ്പെടുത്തി ലഭ്യമാക്കുക എന്നതാണ് ഉദ്ദേശ്യം. ഇത്തരത്തിൽ മൃഗസംരക്ഷണം, ഭക്ഷ്യോത്പ്പന്നങ്ങൾ, വസ്ത്രം-അനുബന്ധ ഉത്പ്പന്നങ്ങൾ, കരകൗശല ഉത്പ്പന്നങ്ങൾ, സോപ്പ്-ഡിറ്റർജന്റ് ഉത്പ്പന്നങ്ങൾ, കാന്റീൻ- കാറ്ററിംഗ് സംരംഭങ്ങൾ എന്നീ മേഖലകളിലാണ് കുടുംബശ്രീ സംരംഭങ്ങൾ ഗണ്യമായി പ്രവർത്തിക്കുന്നത്. ഇത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ആവശ്യമുള്ള |

സാങ്കേതിക– പരിശീലന പിന്തുണ നൽകുന്നതിന് കുടുംബശ്രീ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. വിദഗ്ധരുടെയും സാങ്കേതികവിദ്യയുടെയും അഭാവം ചില പ്രത്യേക മേഖലകളിൽ ആവശ്യമുള്ളപ്പോൾ ലഭ്യമാകാതിരിക്കുന്നത് നേരിട്ടിട്ടുണ്ട്. സംരംഭകരുടെ ജീവിതസാഹചര്യം കണക്കിലെടുക്കാതെയുള്ള പരിഹാര നിർദ്ദേശങ്ങൾ, സംരംഭകർക്കോ കുടുംബശ്രീ മിഷനോ വഹിക്കാവുന്നതിൽ അധിക മായുള്ള ചെലവ് എന്നിവ ഇത്തരം പിന്തുണ പൊതു വിപണി സംവിധാനത്തിൽ നിന്നും ലഭ്യമാക്കുന്നതിന് തടസമാകുന്നു. ഇത് പരിഹരിക്കുന്നതിലേയ്ക്കായി മൂന്നുതരത്തിലുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

1. സംരംഭകർക്കുള്ള പരിശീലനങ്ങൾ ഇത്തരത്തിലുള്ള വെല്ലുവിളികൾ നേരിടുന്നതിന് അവരെ സജ്ജരാക്കുന്ന രീതിയിൽ നൽകപ്പെടുന്നു
2. സംരംഭകർക്ക് താങ്ങാൻ കഴിയുന്ന രീതിയിലുള്ള പ്രാദേശികമായ സാമൂഹ്യാധിഷ്ഠിത വിദഗ്ധ പിന്തുണാ സംവിധാനം – മൈക്രോ എന്റർപ്രൈസ് കൺസൽട്ടന്റ് എന്നപേരിൽ സജ്ജമാക്കിയിട്ടുണ്ട്.
3. സാങ്കേതിക പിന്തുണ നൽകുന്നതിന് ബാഹ്യ ഏജൻസികളുടെ പ്രത്യേകിച്ചും സർക്കാർ മേഖലയിലുള്ളവയുടെ പിന്തുണ നേടുന്നു.

ഉദാഹരണത്തിന്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണ കേന്ദ്രം, സംസ്ഥാന മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ് മുതലായ ഏജൻസികൾ/സ്ഥാപനങ്ങൾ കുടുംബശ്രീ സംരംഭങ്ങൾക്കാവശ്യമായ പിന്തുണ നൽകുന്നുണ്ട്.

| | |
|---|---|
| (ഡി) സംസ്ഥാന ധനകാര്യ സ്ഥാപന ങ്ങൾ കുടുംബശ്രീ സ്ഥാപന ങ്ങളെ അവഗണിക്കുന്ന നില തുടരുന്നതായ ആക്ഷേപം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിൻമേൽ എന്തുനടപടി സ്വീകരി ക്കാനുദ്ദേശിക്കുന്നു? | (ഡി) സംസ്ഥാന/ജില്ല/ബ്ലോക്ക് തലങ്ങളിൽ നടക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ അവലോകന യോഗങ്ങളിൽ ഇത്തരം പ്രശ്നങ്ങൾ ഉന്നയിക്കുകയും ആയതിന് പരിഹാരം അപ്പപ്പോൾ തന്നെ കണ്ടെത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ബാങ്ക് പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന സംശയങ്ങൾക്ക് യഥാസമയം പരിഹാരം കണ്ടെത്തുന്നതിന് ബാങ്കുകളിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക ബാങ്കിംഗ് റിസോഴ്സ് പേഴ്സൺമാരുടെ സേവനവും കുടുംബശ്രീ സംവിധാനത്തിന് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഇപ്പോൾ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ |

നേതൃത്വത്തിൽ കുടുംബശ്രീയുമായി ബന്ധപ്പെട്ട ബാങ്ക് ലിങ്കേജ് വായ്പ പദ്ധതികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനായി പ്രത്യേക ഉപസമിതിയും രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ